കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം കൂത്തുപറമ്പ് നഗരസഭയിൽ എൽ.ഡി.ക്ലാർക്ക് ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ.വി.വി.റോയിയുടെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1520/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 25/04/2016.

---

പരാമർശം :
1. ശ്രീ.വി.വി.റോയിയുടെ 13/04/2015 ലെ അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 25/01/2016 തീയതിയിലെ ഡി.സി.1/21826/15 നമ്പർ കത്ത്.

ഉത്തരവ്

കൂത്തുപറമ്പ് നഗരസഭയിൽ എൽ.ഡി.ക്ലാർക്ക് ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ.വി.വി.റോയിയുടെ പാൻക്രിയാസ് സംബന്ധമായ അസുഖത്തിന് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചികിത്സ നടത്തിയതിന് ചെലവായ 77050/- രൂപ റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് മേൽ 2-ാമതായി വായിച്ച കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൂത്തുപറമ്പ് നഗരസഭയിൽ എൽ.ഡി.ക്ലാർക്ക് ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ.വി.വി.റോയിയുടെ പാൻക്രിയാസ് സംബന്ധമായ അസുഖത്തിന് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചികിത്സ നടത്തിയതിന് ചെലവായ തുകയിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ 31575/- രൂപയുടെ 80% പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും ടി തുക കൂത്തുപറമ്പ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ബിനുകുമാർ.വി.,

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
സെക്രട്ടറി,കൂത്തുപറമ്പ് നഗരസഭ.
ശ്രീ.വി.വി.റോയി,എൽ.ഡി.ക്ലാർക്ക് , കൂത്തുപറമ്പ് നഗരസഭ.
(സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭാമുഖേന )
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.